Official Monthly Bulletin

October 2013

# MARIAN



**St. Mary's Indian Orthodox Cathedral**

P.O.Box 834, Manama, Kingdom of Bahrain Tel: 17252980 Fax: 17276092

E-mail: info@stmarybahrain.com Website: www.stmarybahrain.com

## സെന്റ് മേരീസ് ഇൻഡ്യൻ ഓർത്തഡോക്സ് കത്തീഡ്രൽ

കിംഗ്ഡം ഓഫ് ബഹ്റൈൻ





അഭി. ഗീവർഗീസ് മാർ കൂറിലോസ്
ഇടവക മെത്രാപ്പോലീത്ത

# കത്തീഡ്രലിലേക്ക് സ്വാഗതം



വചനപ്രഘോഷണം
റവ. ഫാ. വി.ജി.കോശി വൈദ്യൻ

## കത്തീഡ്രൽ പെരുന്നാളും വാർഷിക കൺവൻഷനും

**2013 ഒക്ടോബർ 4 മുതൽ 11 വരെ**

കൊടിയേററ് . വചന ശുശ്രൂഷ . റാസ . വി.കുർബ്ബാന . ആശീർവാദം . നേർച്ചവിളമ്പ് .

## St.Mary's Indian Orthodox Cathedral

P.O.Box 834, Manama, Kingdom of Bahrain Tel : 17252980 Fax 17276092

# ആദ്യഫലപ്പെരുന്നാൾ
# HARVEST FESTIVAL '13

**at The Bahrain Keraleeya Samajam**

**NOV.**
**1**
**Friday**




- GameStalls
- Thattukada
- FoodStall
- Auction
- Early Bird Raffle

**Pray for the success of Harvest Festival**

**Particiate actively in auction**

**Donate items for auction & food stall**

MARIAN

Monthly News Bulletin
**St. Mary's Indian Orthodox Cathedral**
Kingdom of Bahrain
October 2013, Issue IX

**Memorial Day**
October 3



**H.H. Mar Baselios Yeldho Catholicos**

**Editorial Board**

| | | |
|---|---|---|
| Chief Editor | : | Thomas Vaidyan P.K. |
| Editors | : | Robby Punnen , Sijumon Chacko |
| Photos | : | Diju John, Christy P. Varghese |
| Type Setting | : | Anu T. Koshy, Gladis Binuraj |

## എഡിറ്റോറിയൽ



ക്രൈസ്തവലോകത്തുള്ള ഏറിയകൂറും പ്രാർത്ഥിക്കുന്നവരാണ്. എന്നാൽ അതുകൊണ്ട് മാത്രം സ്വർഗ്ഗീയ അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ കഴിയുകയില്ല. കാരണം പ്രാർത്ഥിക്കുന്നു എന്നതിലുപരിയായി എങ്ങനെ പ്രാർത്ഥിക്കുന്നുവെന്ന് ദൈവം ശ്രദ്ധിക്കുന്നു.അത്യുന്നതനായ ദൈവത്തോടുള്ള മനുഷ്യൻെറ കൊച്ചുകൊച്ചു മർമ്മരങ്ങൾപോലും സ്നേഹവാനായ ദൈവം ശ്രദ്ധവച്ചു കേൾക്കുന്നു.നമ്മുടെ പ്രാർത്ഥനകളുടെ ആത്മാർത്ഥതയും പരമാർത്ഥതയും സർവ്വശക്തനായ ദൈവം വീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുന്നു വന്ന് പ്രാർത്ഥിക്കുന്ന നമ്മൾ പോലും ഓർക്കാറില്ല. **"ഈ ജനം അടുത്തുവന്ന് വായ്കൊണ്ടും അധരംകൊണ്ടും എന്നെ ബഹുമാനിക്കുന്നു; എങ്കിലും തങ്ങളുടെ ഹൃദയം അവർ എന്നിൽ നിന്ന് ദൂരത്ത് വെച്ചിരിക്കുന്നു.; എന്നോടുള്ള അവരുടെ ഭക്തി; മനഃപാഠമാക്കിയ മാനുഷകല്പനയാകുന്നു"** (യെശ.29:13) എന്ന് ഒന്നാം യിസ്രായേലിനേക്കുറിച്ച് ദൈവം അരുളിചെയ്യുന്നതിൽ നിന്നും നമ്മുടെ പ്രാർത്ഥനകൾ ദൈവം വിവേചിക്കുന്നുവെന്നും വിലയിരുത്തുന്നുവെന്നും വ്യക്തമാകുന്നു.

പ്രാർത്ഥനകൾ കൊണ്ട് സ്വർഗ്ഗത്തിൻെറ വാതായനങ്ങൾ തുറന്ന ശൗൽ എന്ന പൗലോസ് തൻെറ ആത്മീയമക്കളോട് **"ഇടവിടാതെ പ്രാർത്ഥിക്കുവിൻ"** എന്ന് (1തെസ്സ.5:17) നമ്മോട് ആഹ്വാനം ചെയ്യുന്നു. പരമാർത്ഥത നിറഞ്ഞ പ്രാർത്ഥനകൾ നമ്മിൽ നിന്ന് ഇടവിടാതെ ഉയരുമ്പോൾ, നാം ദൈവസന്നിധിയിൽ വിലയം പ്രാപിക്കുകയും ദൈവത്തിൻെറ പരിശുദ്ധാത്മാവ് സദാ നമ്മിൽ വസിച്ച് നമ്മെ വഴിനടത്തുകയും ചെയ്യുന്നു. ആ പ്രാർത്ഥനകൾ കരുണാമയനായ ദൈവത്തിൻെറ സന്നിധിയിലേക്ക് ഇടവിടാതെ മനസ്സ് പകരുന്ന അതിവിശുദ്ധമായ അവസ്ഥയാണ്. ലോകമോഹങ്ങളിലേക്കോ, പാപത്തിൻെറ പെരുവഴിയിലേക്കോ അകപ്പെടാതെ ദൈവസന്നിധിയിൽ വളരുവാൻ ഇടവിടാതെയുള്ള പ്രാർത്ഥനകൾ നമ്മെ സഹായിക്കുന്നു. ഭയഭക്തിയോടെയുള്ള പ്രാർത്ഥനകളിലൂടെ ദൈവസന്നിധിയിൽ നിന്ന് കൂടുതൽ സ്വർഗ്ഗീയ അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ വചനപ്രഘോഷണങ്ങളിലൂടെയും പെരുന്നാളുകളിലൂടെയും ദൈവം നമ്മെ ഏവരെയും ഇടയാക്കട്ടെ.

പെരുന്നൾ ആശംസ്കളോടെ....

തോമസ്സ് വൈദ്യൻ പി.കെ.
ചീഫ് എഡിറ്റർ

Published by St. Mary's Indian Orthodox Cathedral, Kingdom of Bahrain
for private circulation among Cathedral members only.



ത്രിയേക ദൈവത്തിന് സ്തുതി.

കർത്താവിൽ പ്രിയരെ,
നമ്മുടെ കത്തീഡ്രലിൻെറ 2013 വർഷത്തിലെ പെരുന്നാളും കൺ വൻഷനും സമാഗതമായിരിക്കുകയാണ്. പെരുന്നാളിൻേറതായ വരുംദിവസങ്ങൾ കൂടുതൽ അനുഗ്രഹത്തിൻെറ നിമിഷങ്ങളെ എല്ലാവർക്കും സമ്മാനിക്കട്ടെ എന്ന് ആശംസിക്കുന്നു. ഈ പെരുന്നാളിൻെറ വിജയത്തിനായി നമുക്ക് ഏവർക്കും ഒത്തൊരുമിച്ച് പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.

ഈ പവിഴ ദ്വീപിൽ പരിശുദ്ധ മാതാവിൻെറ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന ഈ ദേവാലയത്തിൻെറ ആത്മീയ വളർച്ചയോടൊപ്പം തന്നെ ഭൗതീകമായ വളർച്ചയും നാം ആഗ്രഹിക്കുന്ന ഒന്നാണ്. ആയതിലേക്കുള്ള ധനശേഖരണാർത്ഥം സംഘടിപ്പിച്ചിരിക്കുന്ന ഈ വർഷത്തിലെ "ഹാർവെസ്റ്റ് ഫെസ്റ്റിവെൽ" ഒരു വൻ വിജയമാക്കി തീർക്കുവാൻ എല്ലാവരും പൂർണ്ണ മനസ്സോടെ സഹകരിക്കുക.

"എൻെറ ആലയത്തിൽ ആഹാരം ഉണ്ടാകേണ്ടതിന് നിൻെറ ദശാംശം മുഴുവനും ഭണ്ഡാരത്തിലേക്ക് കൊണ്ടുവരുവീൻ, ഞാൻ നിങ്ങൾക്ക് ആകാശത്തിൻെറ കിളിവാതിലുകളെ തുറന്ന് സ്ഥലം പോരാതെ വരുവോളം നിങ്ങളൂടെ മേൽ അനുഗ്രഹം പകരുകയില്ലയോ എന്നിങ്ങനെ നിങ്ങൾ ഇതിനാൽ എന്നെ പരീക്ഷിപ്പിൻ" എന്ന് സൈന്യങ്ങളുടെ യഹോവ അരുളിചെയ്യുന്നു.(മലാഖി3:10) തനിക്ക് ലഭിച്ച താലന്ത് തക്കത്തിൽ ഉപയോഗിച്ച ദാസനാണ് വിശ്വസ്തൻ എന്ന വിളിക്ക് യോഗ്യനായി തീർന്നത്.

അതുപോലെ സ്രഷ്ടാവായ ദൈവം നമ്മെ ഏൽപ്പിച്ച താലന്തുകൾ നാം ഓരോരുത്തരും തക്കത്തിൽ വിനയോഗിക്കുക. എങ്കിൽ മാത്രമെ ദൈവരാജ്യത്തിൻെറ അവകാശികളായി നാമും രൂപാന്തരപ്പെടുകയുള്ളു. രൂപാന്തരണത്തിൻെറ അനുഭവം നമ്മിൽ ഉണ്ടാകുമ്പോൾ സ്വന്തം തെറ്റുകൾ സന്തോഷപൂർവ്വം സമ്മതിക്കുവാനുള്ള വിവേകവും നല്ല കാര്യങ്ങൾ ആരിൽ കണ്ടാലും അതംഗീകരിക്കുവാനും അതിനെ മാതൃകയാക്കുവാനും നമുക്ക് സാധിക്കുന്നു.
ഇന്നു ചെയ്യേണ്ടതായ കാര്യങ്ങൾ ഇന്നുതന്നെ ചെയ്തു തീർക്കുക നാളത്തേക്ക് അത് മാറ്റി വെയ്ക്കരുത്. ഈ ചിന്ത നമ്മെ ഭരിച്ചാൽ വിജയം എല്ലാവർക്കും സുനിച്ചിതമാണ് .

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ

ഫാ. വർഗീസ് യോഹന്നാൻ വട്ടപ്പറമ്പിൽ

**E-mail: vattaparampilachen@gmail.com**
**Mob: 39445358**



കർത്താവിൽ പ്രിയ സഹോദരങ്ങളേ

ബഹറിൻ സെൻറ് മേരീസ് കത്തീഡ്രലിൻെറ 55ാം പെരുന്നാൾ ആഘോഷം നടക്കുന്ന ഈയവസരത്തിൽ ചില പെരുന്നാൾ ചിന്തകളിൽ വ്യാപരിക്കുന്നത് ഉചിതമെന്ന് കരുതുന്നു, യഹൂദന്മാരുടെ “ഹനൂക്ക” എന്ന് അറിയപ്പെടുന്ന പ്രതിഷ്ഠാ പെരുന്നാളിനോട് നമുക്ക് ഇതിനെ ഉപമിക്കുവാൻ സാധിക്കും. ഒരു ദേവാലയത്തിൻെറ പ്രതിഷ്ഠാ പെരുന്നാൾ എന്നാൽ ആ ദേവാലയം ദൈവത്തിൽ സമർപ്പിച്ച ദിവസത്തെ അനുസ്മരിപ്പിക്കപ്പെടുന്നു. പലരും ഇതിനെ പള്ളികെട്ടിടത്തിൻെറ കല്ലീടീൽ ചടങ്ങുമായി തെറ്റായി ചിത്രീകരിക്കുന്നത് കാണാം. മറിച്ച് പള്ളികെട്ടിടം കൂദാശ ചെയ്ത് വി:മദ്ബഹാ സമർപ്പിക്കുന്ന അതായത് മദ്ബഹാ കൂദാശ ചെയ്ത്, അത് ഏത് പരിശുദ്ധൻെറ നാമത്തിൽ സമർപ്പിച്ച് പ്രതിഷ്ഠിക്കുന്ന ദിനം ആണ് പള്ളിയുടെ പെരുന്നാൾ ആയി ആഘോഷിക്കുന്നത്.

മദ്ബഹാ സമർപ്പിക്കുന്ന അവസരത്തിൽ 12 ചെറിയ കല്ലുകളും, ഒരു കുരിശും സുഗന്ധവർഗ്ഗങ്ങളും മദ്ബഹായുടെ മുൻ വശത്ത് ഒരു ചെറിയ കുഴിയിൽ പ്രധാന കാർമ്മികൻ നിക്ഷേപിക്കുന്നു. പരിശുദ്ധ മൂറോനഭിഷേകത്തോടെ ചെയ്യുന്ന ഈ മഹത് കർമ്മം, കർത്താവിൻെറയും ശിഷ്യന്മാരുടെയും മറ്റ് ദേവവൃന്ദങ്ങളുടെയും ആവാസ ചൈതന്യത്തെ കുറിക്കുന്നു. ഇതിനോട് അനുബന്ധിച്ചാണ് കർത്താവിൻെറ കബറിടം സ്ഥാപിക്കുന്നത്. കർത്താവിൻെറ കബറിടവും, സിംഹാസനവും അടങ്ങുന്ന മദ്ബഹാ അതിൻേറതായ പരിശുദ്ധിയോടെ സൂക്ഷിക്കുന്നു. ‘തീയല്ലോ മദ്ബഹാ’ എന്ന് പാടുന്നതിൽ ഉൾക്കൊള്ളുന്ന അനുഭവമാണുള്ളത്.

ദൈവം വസിക്കുന്ന ആലയമാണ് ദേവാലയം. അതിനുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിക്കുന്നത് അനുഗ്രഹത്തിനാണ്. മറിച്ചാണെങ്കിൽ അത് ദോഷത്തിനും തലമുറകളുടെ ശാപത്തിനും വഴി തെളിക്കും. ദേവാലയങ്ങൾ ദൈവ സാന്നിധ്യം ഉള്ളതാണെന്നുള്ള ബോധ്യം ഉള്ളവർ അതിനോടനുബന്ധിച്ച് നടത്തുന്ന പ്രവർത്തനങ്ങളും അതുപോലെ തന്നെ പരിപാവനമുളവാക്കുന്ന തരത്തിലായിരിക്കണം നിർവ്വഹിക്കേണ്ടത് .

ഈ പെരുന്നാൾ ചിന്തകളിൽ നമ്മുടെ ദേവാലയ വികസനത്തിനു വേണ്ടി പ്രാർത്ഥിക്കുകയും, നേർച്ച കാഴ്ച്ചകളോടെ പെരുന്നാൾ ചടങ്ങിലും, വചന പ്രഘോഷണത്തിലും പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുക ചെയ്യാം. കത്തീഡ്രലിൻെറ പെരുന്നാളിനു മുഖ്യകാർമ്മികത്വം വഹിക്കാൻ എത്തുന്ന അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ കൂറിലോസ് തിരുമേനിയെ സ്വാഗതം ചെയ്യുന്നതോടൊപ്പം തിരുമേനിക്ക് ജന്മദിന ആശംസകളും അറിയിക്കുന്നു.

സ്നേഹത്തോടെ..,

ജോസഫ് ചീനിക്കാല
കത്തീഡ്രൽ ട്രസ്റ്റി



# പ്രപഞ്ച സൃഷ്ടാവിന് പ്രണാമം

ദൈവത്താൽ സ്നേഹിക്കപ്പെട്ട ഇടവക ജനങ്ങളെ,

കഠിനമായ ചൂടിൻെറ പിടിയിൽ നിന്നും ആശ്വാസകരമായ കാലാവസ്ഥയിലേക്ക് മാറി വരുന്ന സമയത്ത് നമ്മുടെ മനസ്സും ശരീരവും അതുപോലെ ശാന്തമായി തീരട്ടെ എന്ന് ആശംസിക്കുന്നു. കാരണം പലപ്പോഴും അന്തരീക്ഷ ഊഷ്മാവ് പോലെ ചൂടുള്ളതായിരിക്കും നമ്മുടെ മനസ്സും. സൂര്യതാപം അന്തരീക്ഷത്തെ ചൂടുള്ളതാക്കുമ്പോൾ നിയന്ത്രണമില്ലാത്ത ദേഷ്യം നമ്മുടെ മനസ്സും ചൂടുള്ളതാക്കുന്നു. " മറ്റൊരാളിൻെറ നേരെ നീട്ടിതുപ്പാനായി തീക്കനലെടുത്ത് വായിലിട്ടാൽ എന്തു സംഭവിക്കും? ദേഷ്യം സൂക്ഷിച്ചു വെയ്ക്കുന്നത് ഇതുപോലെയാണ് എന്നുള്ള ശ്രീബുദ്ധൻെറ പ്രസക്തമായ വാക്യം ഓർക്കുന്നത് നല്ലതാണ്. അതുകൊണ്ട് ദേഷ്യ വികാരത്തിന് ഗുഡ്ബൈ പറഞ്ഞുകൊണ്ട് നമുക്ക് അന്യോന്യം സ്നേഹിച്ച് യേശുവിൻെറ മാർഗ്ഗം പിന്തുടരാം.

നാലാംതീയതി മുതൽ പതിനൊന്നാം തീയതി വരെ നമ്മുടെ കത്തീഡ്രൽ പെരുന്നാളും വാർഷിക കൺ വൻഷനും നടത്തപ്പെടുന്നു. നമ്മുടെ ഇടവക മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യം കൊണ്ട് ഈ വർഷത്തെ പെരുന്നാൾ അനുഗ്രഹിക്കപ്പെടും എന്നുള്ളത് നമ്മൾക്ക് സന്തോഷം പകരുന്ന കാര്യമാണല്ലോ.

ദൈവീക വിചാരങ്ങളെ ജനങ്ങൾക്ക് പകർന്നു തരുവാൻ വന്ന ദൈവത്തിൻെറ അഭിഷക്തൻ കോശി വൈദ്യൻ അച്ചനെ ദൈവം ശക്തീകരിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.
കോതമംഗലം ചെറിയപള്ളിയിൽ കബറടങ്ങിയിരിക്കുന്ന വി.ബസേലിയോസ് യെൽദോ ബാവായുടെ മദ്ധ്യസ്ഥത നമുക്ക് കോട്ടയായിരിക്കട്ടെ. നാലാം തീയതി വെള്ളിയാഴ്ച്ച നടത്തുന്ന നമ്മുടെ അർദ്ധവാർഷിക പൊതുയോഗം ഭംഗിയായിതീരുവാൻ ഏവരും പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുന്നു. നമ്മുടെ ദേവാലയത്തിൻെറ വികസനത്തെ മുൻ നിർത്തി നവംബർ ഒന്നാം തീയതി വെള്ളിയാഴ്ച്ച നടത്തുന്ന ആദ്യഫലപ്പെരുന്നാൾ അനുഗ്രഹ പ്രദമായി തീരുവാൻ എല്ലാവരും മുട്ടിപ്പായി പ്രാർത്ഥിച്ചു സഹകരിക്കുവാൻ അപേക്ഷിക്കുന്നു. സ്മൃതി 2013 ൻെറ ഗ്രാൻറ് ഫിനാലെ ഭംഗിയായി നടത്തിയ യുവജനപ്രസ്ഥാനത്തിന് അഭിനന്ദനങ്ങൾ.
യുവജനപ്രസ്ഥാനത്തിൻെറയും, ദിവ്യബോധനത്തിൻെറയും നേതൃത്വത്തിൽ നടക്കുന്ന വിശുദ്ധനാട്, തുർക്കി തീർത്ഥാടനം അനുഗ്രഹപ്രദമായി തീരുവാൻ പ്രാർത്ഥിക്കുന്നു.

ഒത്തിരി ഒത്തിരി സ്നേഹത്തോടെ നിങ്ങളുടെ സ്വന്തം,

**ജേക്കബ് പുല്ലാക്കുടിയിൽ**
കത്തീഡ്രൽ സെക്രട്ടറി.









Eight Day's Lent 2013









Eight Day's Lent 2013








Harvest Festival 2013




Harvest Festival 2013




Fest of Holy Cross




Former Vicer Rev. Fr. Yohannan Cor-Episcopa  visit







Smruthi Grand Finale 2013






Smruthi Grand Finale 2013




Smruthi Grand Finale 2013






Smruthi Grand Finale 2013




Smruthi Grand Finale 2013





St.Paul's Payasam Competation 2013



Farewell of Perumal & Family from Vanitha Samajam



Vanitha Samajam Food Stall in Smruthi Finale '13




Vanitha Samajam Food Stall in Smruthi Finale '13




Payasam Nercha - Eight Day Lent



# ആരാധനാ കാലങ്ങൾ

ആരാധന രാധന അർപ്പിക്കലാണ്. രാധന എന്നതിന്റെ അർത്ഥം പ്രീതിപ്പെടുത്തുക. നമ്മേ സൃഷ്ടിച്ച് പരിപാലിക്കുന്ന ദൈവത്തെ അനവരതം സ്തുതിക്കുന്ന നിമിഷം ശ്രേഷ്ഠമായ ആരാധനയുടെ അനുഭവങ്ങളാണ്. ആരാധന ദൈവസന്നിധിയിലേക്കുള്ള ഉയർച്ചയാണ്.
ക്രിസ്തീയ ആരാധനയുടെ ഉത്ഭവത്തിൽ യഹൂദ ആരാധന രീതികൾ സ്വാധീനം ചെലുത്തിയിട്ടുണ്ട്. വിശുദ്ധ കുർബ്ബാന ക്രമത്തിൽ ആരാധനാ വർഷം ആറ് കാലങ്ങളായി തരംതിരിച്ചിട്ടുണ്ട്. എന്നാൽ 7 ആഴ്ച്ചകൾ വീതമുള്ള 7 കാലങ്ങളായി തിരിച്ച് ആരാധന വർഷം പുനഃസംവിധാനം ചെയ്യേണ്ടത് അനിവാര്യമാണ്. ആരാധനാവർഷത്തിന്റെ ആദ്യത്തെ രണ്ടാഴ്ച്ചകൾ ശുദ്ധീകരണ പെരുന്നാളും പ്രതിഷ്ഠാ പെരുന്നാളുമാണ്. ഇതിനെ ആരാധന വർഷത്തിലേക്ക് പ്രവേശിക്കുന്നതിനുള്ള ഒരുക്കകാലമായി കണക്കാക്കാം (Season for preparation). ആരാധന വർഷത്തിന്റെ കേന്ദ്രം ഉയിർപ്പ് പെരുന്നാളാണ്.

ഉൽപ്പത്തി പുസ്തകം 1ാം അദ്ധ്യായത്തിന്റെ അടിസ്ഥാനത്തിൽ ലോകവും കാലവും ഏഴായി തിരിച്ചിരിക്കുന്നു. പൂർണ്ണതയുടെ പ്രതീകമാണ് 7. ഇവിടെ ആരാധനാ വർഷത്തിലെ 7 കാലങ്ങൾ പ്രതിപാദിക്കുന്നു.

1. കൂദശ് ഈത്തോ മുതൽ ജനനപ്പെരുന്നാൾ വരെ (സുബോറോ കാലം/അറിയിപ്പിന്റെ കാലം.
2. ജനനപെരുന്നാൾ മുതൽ വലിയ നോമ്പ് വരെയുള്ള കാലം (യൽദോ-ദനഹാക്കാലം)
3. വലിയ നോമ്പുകാലം,
4. ഉയർപ്പ് മുതൽ പെന്തിക്കോസ്തി വരെയുള്ള കാലം,
5. പെന്തക്കോസ്ത് കാലം, (ശ്ലീഹാക്കാലം)
6 തേജസ്കരണം മുതൽ സ്ലീബാപെരുന്നാൾ വരെയുള്ള കാലം
7. സ്ലീബാ മുതൽ കൂദശ് ഈത്തോ വരെയുള്ള കാലം.

ഈ 7 കാലങ്ങൾ മനസ്സിലാക്കി പരിപൂർണ സമർപ്പണത്തോടുകൂടി വി. ആരാധനയിൽ സംബന്ധിക്കുവാൻ നാം ഓരോരുത്തരും ശ്രദ്ധിക്കേണ്ടതാണ്.

പെരുന്നാൾ ആശംസകളോടെ..,

സ്നേഹപൂർവ്വം

റവ. ഫാ.വി.ജി.കോശി വൈദ്യൻ

ഇസാ ടൗൺ / സൽമാബാദ് ഏരിയായിൽ താമസിക്കുന്ന ശ്രീ. ജോൺസൺ ജോണിൻെറ ഭാര്യാ മാതാവ് ചിന്നമ്മ തോമസ്സ് (71 വയസ്സ്) 09/09/2013 ൽ കർത്താവിൽ നിദ്ര പ്രാപിച്ചു . ശവസംസ്കാരം 10/09/2013 നടത്തപ്പെട്ടു.

---

ഷെയ്ക്ക് ഹാമദ് / ലൂലു ഏരിയായിൽ താമസിക്കുന്ന ശ്രീ. ഷാജി തോമസിൻെറ ഭാര്യാ പിതാവ് റിട്ടയർട് മേജർ പി.സി ചെറിയാൻ (81 വയസ്സ്) 12/09/2013 കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം 13/09/2013 നടത്തപ്പെട്ടു.

---

ഗുദേബിയാ ഏരിയായിൽ താമസിക്കുന്ന ശ്രി. ബാബു എബ്രഹാമിൻെറ മാതാവ് തങ്കമ്മ എബ്രഹാം (84 വയസ്സ് ) 15/09/2013 ൽ കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം സെൻറ് ജോർജ്ജ് ഓർത്തഡോക്സ് ചർച്ച് നെല്ലികുന്നത്തു വെച്ച് നടത്തപ്പെട്ടു.

---

മനാമ ഏരിയാ താമസിക്കുന്ന ശ്രീ.ഷിബു ഫിലിപ്പിൻെറ ഭാര്യാ സഹോദരൻ ഷൈജു ജോസഫ് 27/09/2013 കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം കായംകുളം കദീശാപ്പള്ളിയിൽ നടത്തപ്പെട്ടു.

---

ചർച്ച് ഏരിയാ നോർത്തിൽ താമസിക്കുന്ന വർഗ്ഗീസ് കെ. ജി. ( അച്ചൻകുഞ്ഞ്) ൻെറ ഭാര്യാ പിതാവ് റ്റി.എം. വർഗ്ഗീസ് ( 72 വയസ്സ് ) കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം കോട്ടയം മീനടം സെൻറ് തോമസ്സ് യാക്കോബായ ചർച്ചിൽ നടത്തപ്പെട്ടു.

---

# HOLY LAND VISIT

***Please Contact:-***

**Shibu C. George**
Secretary(Youth Movement)
Mob: 39689639

**Binu Pappachan**
Co-Ordinator
Mob: 39198193

---

ദിവ്യബോധനം P.O.C.E ക്ലാസ്സുകൾ എല്ലാ തിങ്കളാഴ്ച്ചയും വൈകിട്ട് 8.00 ന് കത്തീഡ്രലിൽ വച്ച് നടത്തിവരുന്നു.
D.O.C.E ക്ലാസ്സുകൾ എല്ലാ ചൊവ്വാഴ്ച്ചയും വൈകിട്ട് 8:00 നും കത്തീഡ്രലിൽ വച്ച് നടത്തിവരുന്നു.

---

മർത്തമറിയം സമാജം എല്ലാ മാസത്തിലെയും രണ്ടാമത്തെ വ്യാഴാഴ്ച്ച ധ്യാനപ്രാർത്ഥന കത്തീഡ്രലിൽ വച്ച് നടത്തുന്നതാണ്.

---

പള്ളിപരിസരത്ത് വാഹനങ്ങൾ പാർക്ക് ചെയ്ത് പരിസരവാസികൾക്ക് അസൗകര്യം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുക

**St. Mary's Indian Orthodox Cathedral**
P.O.Box 834, Manama, Kingdom of Bahrain Tel: 17252980 Fax: 17276092
E-mail: info@stmarybahrain.com Website: www.stmarybahrain.com



കർത്താവിൽ പ്രിയരെ,

നമ്മുടെ കത്തീഡ്രലിന്റെ വാർഷിക കൺവൻഷനും 55-ാമത് പെരുന്നാളും ബോംബെ ഭദ്രാസനാധിപനും ഇടവക മെത്രാപ്പോലീത്തായുമായ അഭി.ഗീവർഗ്ഗീസ് മാർ കൂറിലോസ് തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ ഒക്ടോബർ 4 മുതൽ 11 വരെ തീയതികളിൽ നടത്തപ്പെടുന്നു.

കൺവൻഷൻ 6, 7, 8 ദിവസങ്ങളിൽ പ്രമുഖ വാഗ്മിയും കൺവൻഷൻ പ്രാസംഗികനുമായ റവ. ഫാ. വി.ജി. കോശി വൈദ്യൻ തേവലക്കര വചന പ്രഘോഷണം നൽകുന്നു. വിശ്വാസികളേവരും പ്രാർത്ഥനയോടും, നേർച്ചകാഴ്ച്ചകളോടും കൂടി യഥാസമയം വന്നു സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് സ്നേഹപൂർവ്വം താൽപര്യപ്പെടുന്നു.

**ഫാ. വർഗ്ഗീസ് യോഹന്നാൻ വട്ടപ്പറമ്പിൽ**
**വികാരി**

**ജോസഫ് ചീനിക്കാല**
കത്തീഡ്രൽ ട്രസ്റ്റി

**ജേക്കബ് പുല്ലാക്കുടിയിൽ**
കത്തീഡ്രൽ സെക്രട്ടറി

## കാര്യപരിപാടികൾ

**ഒക്ടോബർ 4 വെള്ളിയാഴ്ച്ച**
7.00 AM പ്രഭാത നമസ്ക്കാരം
8:00 AM വിശുദ്ധ കുർബ്ബാന
പെരുന്നാൾ കൊടിയേറ്റ്

**ഒക്ടോബർ 5 ശനിയാഴ്ച്ച**
6.15 PM സന്ധ്യാ നമസ്ക്കാരം
7:00 PM വിശുദ്ധ കുർബ്ബാന

**ഒക്ടോബർ 6 ഞായറാഴ്ച്ച**
6.30 PM സന്ധ്യാ നമസ്ക്കാരം
7:15 PM ഗാനശുശ്രൂഷ (കത്തീഡ്രൽ ഗായകസംഘം)
7:30 PM വചന ശുശ്രൂഷ (റവ.ഫാ. വി.ജി.കോശി വൈദ്യൻ)
9:00 PM പ്രാർത്ഥന, ആശീർവാദം

**ഒക്ടോബർ 7 തിങ്കളാഴ്ച്ച**
6.30 PM സന്ധ്യാ നമസ്ക്കാരം
7:15 PM ഗാനശുശ്രൂഷ (കത്തീഡ്രൽ ഗായകസംഘം)
7:30 PM വചന ശുശ്രൂഷ (റവ.ഫാ. വി.ജി.കോശി വൈദ്യൻ)
9:00 PM പ്രാർത്ഥന, ആശീർവാദം

**ഒക്ടോബർ 8 ചൊവ്വാഴ്ച്ച**
6.30 PM സന്ധ്യാ നമസ്ക്കാരം
7:15 PM ഗാനശുശ്രൂഷ (കത്തീഡ്രൽ ഗായകസംഘം)
7:30 PM വചന ശുശ്രൂഷ (റവ.ഫാ. വി.ജി.കോശി വൈദ്യൻ)
9:00 PM പ്രാർത്ഥന, ആശീർവാദം

**ഒക്ടോബർ 9 ബുധനാഴ്ച്ച**
6.15 PM സന്ധ്യാ നമസ്ക്കാരം
7:00 PM വിശുദ്ധ കുർബ്ബാന (അഭി.ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത)
8:30 PM മദ്ധ്യസ്ഥ പ്രാർത്ഥന
ആശീർവാദം, നേർച്ചവിളമ്പ്

**ഒക്ടോബർ 10 വ്യാഴാഴ്ച്ച**
7.00 PM സന്ധ്യാ നമസ്ക്കാരം
8:00 PM റാസ, ശ്ലൈഹീക വാഴ്വ്

**ഒക്ടോബർ 11 വെള്ളിയാഴ്ച്ച**
7.00 AM പ്രഭാത നമസ്ക്കാരം
8:00 AM വിശുദ്ധ മൂന്നിന്മേൽ കുർബ്ബാന
അഭി. ഗീവർഗ്ഗീസ് മാർ കൂറിലോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ
ആശീർവാദം, നേർച്ചവിളമ്പ്, കൊടിയിറക്ക്

**കൊടിയേററ് . വചന ശുശ്രൂഷ . റാസ . വി.കുർബ്ബാന . ആശീർവാദം . നേർച്ചവിളമ്പ് .**

| Date | Time | Area | Address /Venue |
|---|---|---|---|
| 04/10/2013 | 6.00 P M | Church South | **Mr. Vinu Paulose**<br>Flat:709, Bld: 415, Blk:311<br>B F C Building , Mob: 36054025 |
| 04/10/2013 | 7.30 P M | Church North | **Hosted by Mr. Ponanachan Daniel.**<br>Theophilus Hall, SMIOC ,<br>Mob: 39271389 |
| 11/10/2013 | 4.30 P M | Gafool / Khamis | **Mr. Mathai Pappachen**<br>Villa:11,Bldg:811, Rd: 5629,Blk:356<br>Kanoo Garden .Mob: 39469150 |
| 11/10/2013 | 6.00 P M | Gudabia | **Mr. Vijo Mathew**<br>Flat:11, Bldg:3722, Rd:2156, Blk: 321,<br>Near Police Station, Mob: 36342681 |
| 11/10/2013 | 7.30 P M | American Mission | **Mr. Thomas K.T**<br>Flat: 12, Bldg: 619,Rd:513,Blk: 305<br>Manama , Mob:36358028 |
| 14/10/2013 | 8.00 P M | Isa Town / Salmabad | **Mr. George Philip**<br>Flat :5, Bldg : 459, Rd: 117,<br>Blk: 701, Mob: 39602575 |
| 18/10/2013 | 4.30 P.M | Sugaiya / Zinj | **Mr. Kurivila P( Abey)**<br>Villa : 248, Blk: 328,Road : 2805 ,<br>Mob: 39912949 |
| 18/10/2013 | 6:00 P.M | Adliya / Umal Hassam | **Mr. Shaju K. Lazar**<br>Flat : 31,Bld:1618 ,Blk: 334,Rd: 3437,<br>Mob: 39443483 |
| 18/10/2013 | 7.30 P.M | Muharaq | **Mr. Thomas A.J**<br>Flat : 12, Bldg: 830,<br>Mob: 39878498 |
| 25/10/2013 | 4.30 P.M | Salmaniya | **Mr. Iduculla Zachariah**<br>Flat : 2, Bldg : 354,Rd: 2905, Blk: 329<br>Mob: 39180713 |
| 25/10/2013 | 6.00 P.M | Sh.Hammad Lulu | **Mr. Thomas Vaidyan P.K.**<br>Flat : 22 Bldg : 135,Lulu Rd, Blk: 303<br>Mob: 39773032 |
| | | Manama | **To be announced** |
| | | Hoora | **To be announced** |
| | | Riffa /Sitra | **To be announced** |

## 25th Wedding Anniversary



### Mr. Lukose Pappachan & Mrs. Sumi Lukose

*with best complimnets from:-*

*Mathai Pappachan & Family*
*John Mathew & Family*
*Lipin P Luke*
*Lijan P Luke*

## 1st Death Anniversary (9-10-2013)



In ever loving memory of Our
Beloved Ammama

**Mariamma Aviraha (Kunjumol)**
**Kallupurackal House**
**Neerattupuram**

**Raju & Laya, Sabu & Asha**
**Sanu &Shiney, Santhosh & Somy**
**Elcy & Kunju**



H.H.Baselius Marthoma Didymus I

(Valiya Bava)

October 29th






H.G.Geevarghese Mar Coorilose

Diocesan Metropolitan

October 7th

# Favours Received



**Geevarghese O.M. & Lovely Varghese**
**Christy Mathew Varghese**
**Christina Varghese**



**Robby Punnen & Manju Robby**
**Jenna Anna Robby**
**Gemma Susan Robby**







**Varghese T.J. & Ani Varghese, Ansel Joy Varghese, Abel Joy Varghese**